

# മൂന്നുമുറി
# സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക

തൃശൂർ രൂപതയിൽ വി. സ്നാപകയോഹന്നാന്റെ നാമധേയത്തിൽ സ്ഥാപിതമായ മൂന്നുമുറി പള്ളി 1923-ൽ രൂപംകൊണ്ടു. ഇവിടത്തെ ക്രൈസ്തവ വിശ്വാസികൾ പത്തു കിലോമീറ്ററിലേറെ നടന്ന് പേരാമ്പ്ര ഇടവകപ്പള്ളിയിലാണ് പോയിരുന്നത്. മുഖ്യമായും കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്നവരായിരുന്നു ദേശവാസികളിൽ ഏറിയപങ്കും. ഈ മലയോരപ്രദേശത്തെ കാർഷികവൃത്തിയാകട്ടെ പ്രകൃതിക്ഷോഭങ്ങളോടും കാട്ടുമൃഗങ്ങളോടുമുള്ള നിരന്തര പോരാട്ടമായിരുന്നു. അതുകൊണ്ടുതന്നെ താപസ വിശുദ്ധനായ വി. സ്നാപകയോഹന്നാന്റെ മാദ്ധ്യസ്ഥം തിരഞ്ഞെടുക്കുവാനുള്ള കാരണമായി പഴമക്കാർ വിശ്വസിച്ചുപോരുന്നു. ഇരിങ്ങാലക്കുട രൂപതയിൽത്തന്നെ വിശുദ്ധ സ്നാപകയോഹന്നാന്റെ നാമധേയത്തിലുള്ള ഏകപള്ളി എന്ന ബഹുമതിയും 1925-ൽ സ്ഥാപിതമായ ഈ ഇടവകയ്ക്ക് സ്വന്തം.

പടിഞ്ഞാറ് വാസുപുരംവരെയും, കിഴക്ക് കിഴക്കേ കോടാലിവരെയും, വടക്ക് ചെമ്പുചിറ വരെയും, തെക്ക് കോടശ്ശേരിമലവരെയും 20 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന ഇടവകയിൽ 986 കുടുംബങ്ങളാണ് ഇപ്പോഴുള്ളത്.

1925-ലാണ് വൈദികമന്ദിരം നിർമ്മിച്ചത്. 1942-ൽ പള്ളിവലുതാക്കി പണിതു. ഈ ഇടവകയുടെ പരിധിയിൽ കോടാലിയിൽ വി. സെബസ്ത്യാനോസിന്റെയും, ഒമ്പതുങ്ങൽ പരി. കന്യകാമറിയത്തിന്റെയും, ചെമ്പുചിറയിൽ വി. ഗീവർഗ്ഗീസിന്റെയും, ചുങ്കാലിൽ വിശുദ്ധ അന്തോണീസിന്റെയും വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെയും, മൂന്നുമുറിയിൽ വി. യൗസേപ്പിതാവിന്റെയും നാമധേയത്തിലായി ആകെ 5 കപ്പേളകൾ സ്ഥാപിതമായിട്ടുണ്ട്.

## യു.പി. സ്ക്കൂൾ

പള്ളിയുടെ ആഭിമുഖ്യത്തിൽ 1949-ൽ സ്ഥാപിതമായ സെന്റ് ജോസഫ് യു.പി. സ്ക്കൂൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുതിയ കെട്ടിടം 2009 മാർച്ച് 4-ന് പിതാവ് ആശീർവദിച്ചു.

## ഇടവക ഇന്ന്

23 കുടുംബയൂണിറ്റുകളെ ഏകോപിപ്പിക്കുന്ന കുടുംബസമ്മേളന കേന്ദ്രസമിതിയും, ഇടവകയുടെ പ്രതിനിധിയോഗവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിവിധ ഭക്തസംഘടനകൾ സജീവമാണ്. അയൽഇടവകകളായ കൊടുങ്ങ, മുരിക്കിങ്ങൽ, ലൂർദ്ദ്പുരം, അമ്പനോളി, വാസുപുരത്തിന്റെ കുറച്ചുഭാഗം എന്നിവ



സെന്റ് ജോസഫ്സ് യു.പി. സ്ക്കൂൾ, മറ്റത്തൂർ (മൂന്നുമുറി)

മൂന്നുമുറിയിൽ നിന്ന് ക്രമേണ തിരിഞ്ഞുപോയ വയാണ്.

## കുരിശുപള്ളി

ഇടവകയുടെ കിഴക്ക് തെക്ക് ഭാഗത്തായി കട മ്പോട് ശാന്തിനഗർ എന്ന സ്ഥലത്ത് 2007-ൽ സെന്റ് മേരീസ് പ്രാർത്ഥനാലയം പണിതുയർത്തുകയും, മെയ് 26-ന് അഭിവന്ദ്യപിതാവ് ആശീർവദിക്കുകയും ചെയ്തു. നൂറോളം കുടുംബങ്ങൾക്കായി ഞായറാഴ്ചകളിൽ മാത്രം ഇവിടെനിന്ന് പോയി വി. ബലിയർപ്പിക്കുന്നുണ്ട്. വികാരി ബഹു. ജോസ് വെതമറ്റിൽ അച്ചനാണ് നിർമ്മാണത്തിന് നേതൃത്വം നൽകിയത്.

## പ്രധാന സംഭവങ്ങൾ

വൈദികമന്ദിരവും, ഓഫീസ് കെട്ടിടങ്ങളും പലപ്രാവശ്യം പുനർനിർമ്മാണത്തിന് വിധേയമായിട്ടുണ്ട്, കൂടാതെ കാറ്റിലും മഴയിലും കെട്ടിടം തകർന്നു വീണതുമൂലം ആദ്യകാലരേഖകൾ പലതും നഷ്ടപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാന സംഭവങ്ങൾ താഴെ ചേർക്കുന്നു.

1923 – ഇടവക സ്ഥാപിതമായി.

1925 – പള്ളിമുറി പണിതു.

1942 – പള്ളി വലുതാക്കി പണിതു.

1944 – ചുങ്കാലിലും കോടാലിയിലും കപ്പേളകൾ സ്ഥാപിച്ചു.

1949 – പള്ളിസ്ക്കൂൾ ആരംഭിച്ചു.

1969 – പള്ളി മുഖവാരം ഉയർത്തി പണിതു.

1979 – കുടുംബസമ്മേളനങ്ങൾ ആരംഭിച്ചു.



വൈദിക മന്ദിരം

1980 – പള്ളിയുടെ മുൻവശത്തുള്ള വി. യൗസേപ്പിതാവിന്റെ കപ്പേള ആശീർവദിച്ചു

1981 – കോടാലിയിൽ വി. സെബസ്ത്യാനോസിന്റെ കപ്പേള പുതുക്കി പണിതു. (25.1.1981)

1982 – ബഹു. സെബാസ്റ്റ്യൻ വലിയവീട്ടിലച്ചന്റെ നേതൃത്വത്തിൽ പള്ളി പുതുക്കി പണിതു, സിമിത്തേരിയിൽ കപ്പേള പണിതു, 60-ാം വാർഷികം ആഘോഷിച്ചു.

1991 – സെൽമോഡൽ സിമിത്തേരി നിർമ്മിച്ചു.

1998 – വൈദികമന്ദിരം പുതുക്കിപ്പണിതു.

2000 – ഒമ്പതുങ്ങലിൽ പരി. കന്യകാമറിയത്തിന്റെ കപ്പേള ആശീർവദിച്ചു. (15.8.2000)

2002 – പള്ളിയുടെ മദ്ബഹാ പുതുക്കി പണിതു.

2005 – ചുങ്കാൽ കപ്പേള പുതുക്കി പണിത് വെഞ്ചിരിച്ചു. (25.1.2005)

2005 – ചെമ്പുചിറയിൽ വി. ഗീവർഗ്ഗീസിന്റെ കപ്പേള ആശീർവദിച്ചു. (17.6.2005)

2007 – കടമ്പോട് ശാന്തിനഗറിൽ സെന്റ് മേരീസ് പ്രാർത്ഥനാലയം പണിതു. (26.5.2007)

2009 – പുനർനിർമ്മിച്ച പള്ളിസ്ക്കൂൾ വെഞ്ചിരിച്ചു. (4.3.2009)

2009 – മാങ്കുറ്റിപ്പാടത്ത് സെന്റ് മേരീസ് കപ്പേള പണിത് വെഞ്ചിരിച്ചു. (25.10.2009)

## സന്യാസ ഭവനങ്ങൾ

ഇടവകയിൽ രണ്ട് സന്യാസിനീഭവനങ്ങൾ ഉണ്ട്.



സെ.സെബാസ്റ്റ്യൻ കപ്പേള, കോടാലി



സെ.ജോർജ്ജ് കപ്പേള, ചെമ്പുചിറ



സെ. ജോസഫ് കപ്പേള, മൂന്നുമറി



സെന്റ് മേരീസ് കപ്പേള, ഒമ്പതുങ്ങൽ



സെന്റ് ആന്റണീസ് കപ്പേള ചുങ്കാൽ



സെന്റ് മേരീസ് പള്ളി, ശാന്തിനഗർ, കടമ്പോട്

1970-ൽ സെന്റ് ആന്റണീസ് കോൺവെന്റ് (CSM), 1995 -ൽ ശാന്തി ഭവൻ കോൺവെന്റ് (FHGS) എന്നിവ. സെന്റ് ആന്റണീസ് കോൺവെന്റിനോടനുബന്ധിച്ച് ഓർഫനേജ്, സോഷ്യൽ സെന്റർ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.



സെന്റ് ആന്റണീസ് ഓർഫനേജ് & സോഷ്യൽ സെന്റർ



സെന്റ് ആന്റണീസ് സി.എസ്.എം. കോൺവെന്റ്



ശാന്തിഭവൻ എഫ്.എച്ച്. ജി.എസ്. കോൺവെന്റ്